**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2556** **12-02-2020-ൽ മറുപടിക്ക്**

## കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. മുകേഷ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വികസനം നടപ്പാക്കുമെന്നുള്ള 2018-19-ലെ ബജറ്റ് പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | ബജറ്റിൽ വിഭാവനം ചെയ്ത പ്രകാരം സ്പൈസസ് റൂട്ട് പദ്ധതി നടപ്പാക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിപുരാതന കാലം മുതൽ കേരളത്തിൽ ഉയർന്നുവരികയും ക്ഷയിക്കുകയും ചെയ്തിട്ടുള്ള തുറമുഖങ്ങളെ പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി കൂട്ടിയിണക്കുന്ന ഒരു സഞ്ചാര പദ്ധതിയായിട്ടാണ് "സ്പൈസ് റൂട്ട്" പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മുസിരിസ് പൈതൃക പദ്ധതിയാണ് ഈ ഒരു ആശയത്തിന് തുടക്കം കുറിച്ചത്. ഇപ്പോൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള തലശ്ശേരി പൈതൃക പദ്ധതിയും ആലപ്പുഴ പൈതൃക പദ്ധതിയും സ്പൈസസ് റൂട്ടിന്റെ ഭാഗമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പൊന്നാനി, തങ്കശ്ശേരി എന്നിവിടങ്ങളിൽ സമാനരീതിയിലുള്ള പദ്ധതികൾ തുടങ്ങുന്ന മുറയ്ക്ക് വിഭാവനം ചെയ്തിട്ടുള്ള സ്പൈസസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**